# പ്ലാച്ചിമട: ചെറുത്തുനില്പ് തുടരുന്നു

പാലക്കാട്: പ്ലാച്ചിമടയിൽ കൊക്കകോളകമ്പനിക്കെതിരെയുള്ള ചെറുത്തുനില്പ് സജീവമായി തുടരുന്നു. സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഒട്ടേറെ പ്രസ്ഥാനങ്ങളും പ്രവർത്തകരും പ്ലാച്ചിമടയിലെത്തുന്നുണ്ട്. സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് പോരാട്ടത്തിന്റെ നേതൃത്വത്തിൽ ധർണ നടത്തിയ സമരഭടന്മാരെ പോലീസ് ബലപ്രയോഗത്തിലൂടെ അറസ്റ്റ് ചെയ്തു. രാവിലെ കസ്റ്റഡിയിലെടുത്ത സ്ത്രീകളുൾപ്പെടെയുള്ളവരെ രാത്രിയാണ് ജാമ്യത്തിൽ വിട്ടത്.

ജൂലൈ 26ന് സമാജ്‌വാദി ജനപരിഷത്തിന്റെ ആഭിമുഖ്യത്തിൽ കമ്പനിക്കു മുന്നിൽ സത്യാഗ്രഹം നടത്തുന്നു.

അതിനിടെ കഴിഞ്ഞമാസം പ്രതിഷേധ പ്രകടനത്തെ തുടർന്ന് അറസ്റ്റിലായ 19 സമരഭടന്മാരെ പോലീസ് കള്ളക്കേസിൽ കുടുക്കുന്നതായി സമരസമിതി ആരോപിച്ചു